**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകി വരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവദിച്ച് വരുന്നു. |
| (ബി) | ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | മരണപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് സാദ്ധ്യമാകുന്നയിടങ്ങളിൽ എഫ്.ഡി.എ., വി.എസ്.എസ്., ഇ.ഡി.സി. എന്നിവ മുഖാന്തിരം താൽക്കാലിക ജോലി നൽകിവരുന്നുണ്ട്. നിലവിൽ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കുന്നതിന് വ്യവസ്ഥയില്ല. |
| (സി) | വന്യജീവി ആക്രമണംമൂലം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവ് ഏറ്റെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന യഥാർത്ഥ തുക, പരമാവധി ഒരു ലക്ഷം രൂപ വരെ സർക്കാർ-സ്വകാര്യ ആശുപത്രി ഭേദവ്യത്യാസമില്ലാതെ നിലവിൽ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാചെലവ് മുഴുവനായും അനുവദിച്ച് വരുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ ചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക പരിഷ്കരിക്കുന്ന വിഷയം സർക്കാർ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ